FACT

# എഫ്.എ.സി.ടി.യിൽ അപ്രന്റീസുകളുടെ ഒഴിവ്.

എഫ്.എ.സി.ടി. യിൽ അപ്രന്റീസ് ആക്ട് പ്രകാരം പരിശീലനം നല്കുന്നതിനു അപ്രന്റീസുകളെ തെരഞ്ഞെടുക്കുന്നു. താഴെപ്പറയുന്നവരെയാണ് തെരഞ്ഞെടുക്കുക.

## ടെക്നിഷ്യൻ അപ്രന്റീസ്

| | | |
|---|---|---|
| വിദ്യാഭ്യാസ യോഗ്യത | : | സിവിൽ, കംപ്യൂട്ടർ, കെമിക്കൽ എന്നിവയിലുള്ള പോളിടെക്നിക് ത്രിവത്സര ഡിപ്ലോമ |
| പരിശീലന കാലാവധി | : | ഒരു വർഷം |
| തെരഞ്ഞെടുപ്പിനുള്ള മറ്റ് മാനദണ്ഡങ്ങൾ . | : | ഡിപ്ലോമ പാസ്സായതിനു ശേഷം 31.03.2017 ന് മൂന്ന് വർഷം കവിയാൻ പാടില്ല. |
| പ്രായപരിധി | : | 2017 ജനുവരി 01 ന് 23 വയസ്സ് കവിയരുത്. |

## ട്രേഡ് അപ്രന്റീസ്

| | | |
|---|---|---|
| വിദ്യാഭ്യാസ യോഗ്യത | : | ഫിറ്റർ, മെഷിനിസ്റ്റ്, ഇലക്ട്രീഷ്യൻ, പ്ലംബർ എന്നിവയിലുള്ള ട്രേഡ്_സർട്ടിഫിക്കറ്റ് |
| പരിശീലന കാലാവധി | : | പ്ലംബർ ഒഴികെയുള്ള എല്ലാ ട്രേഡുകളും ഒരു വർഷം, പ്ലംബർ – രണ്ടു വർഷം |
| തെരഞ്ഞെടുപ്പിനുള്ള മറ്റ് മാനദണ്ഡങ്ങൾ | : | അതാതു ട്രേഡുകളിൽ ഐ.ടി.ഐ, ഐ.ടി.സി പാസ്സായിരിക്കണം (എൻ.സി.വി.റ്റി അംഗീകൃതം) |
| പ്രായപരിധി | : | 2017 ജനുവരി 01 ന് 23 വയസ്സ് കവിയരുത്. |

താഴെപ്പറയുന്ന വിദ്യാഭ്യാസയോഗ്യതയുള്ള അപേക്ഷകർ മാത്രം അതതു തിയതികളിൽ ഉദ്യോഗമണ്ഡലിലുള്ള ഫാക്ട് ട്രെയിനിംഗ് സെന്ററിൽ നേരിട്ടു ഹാജരാകുക (മുൻകൂട്ടി അപേക്ഷ അയക്കേണ്ടതില്ല )

| ട്രേഡ്/ ഡിപ്ലോമ | ഡിസിപ്ലിൻ | പ്രതീക്ഷിക്കുന്നഒഴിവുകളുടെ എണ്ണം | പരീക്ഷാ തിയതി | സമയം |
|---|---|---|---|---|
| ഡിപ്ലോമ | കംപ്യൂട്ടർ എഞ്ചിനീയറിംഗ് | 1 | 13.03.2017 | 9.30 am |
| | കംപ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് | 1 | | |
| | സിവിൽ എഞ്ചിനീയറിംഗ് | 2 | | |
| | കെമിക്കൽ എഞ്ചിനീയറിംഗ് | 10 | | |
| | | | | |
| ട്രേഡ് | ഫിറ്റർ | 22 | 14.03.2017 | 09.30 am |
| | മെഷിനിസ്റ്റ് | 5 | | |
| | ഇലക്ട്രീഷ്യൻ | 10 | | |
| | പ്ലംബർ | 2 | | |

<u>നിബന്ധനകൾ</u>

1. എസ്.സി./ എസ്.ടി./ ഒ.ബി.സി/ വികലാംഗ വിഭാഗത്തിലുള്ളവർ നിയമാനുസൃത വയസ്സിളവിന് അർഹരായിരിക്കും. (വികലാംഗവിഭാഗത്തിലുള്ളവരെ ഡിപ്ലോമ കംപ്യൂട്ടർ അപ്രന്റിസിനു മാത്രമേ പരിഗണിക്കു).

2 സ്റ്റൈപ്പന്റും പരിശീലന കാലാവധിയും അപ്രന്റിസ് ആക്ടിനു അനുസൃതമായിരിക്കും.

3. എഴുത്തു പരീക്ഷയ്ക്ക് ഹാജരാകുന്നവർ താഴെ പറയുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സലും സാക്ഷ്യപ്പെടുത്തിയ പകർപ്പുമായി നേരിട്ടു ഹാജരാകുക

   1. ജനനത്തിയതി തെളിയിക്കുന്ന എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്.
   2. ട്രേഡ്/ഡിപ്ലോമ സർട്ടിഫിക്കറ്റും മാർക്ക് ലിസ്റ്റും.
   3 പാസ്പോർട്ട് സൈസ് ഫോട്ടോ (രണ്ടെണ്ണം)
   4. എസ്.സി.,എസ്.ടി. വിഭാഗത്തിലുള്ളവർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും,ഒ.ബി.സി. വിഭാഗത്തിലുള്ളവർ നോൺ ക്രിമിലയർ സർട്ടിഫിക്കറ്റും. (തഹസിൽദാറിൽ കുറയാത്ത റാങ്കിലുള്ള ഓഫീസറിൽ നിന്നും ആറു മാസത്തിനുള്ളിൽ ലഭിച്ചത് )
   5. വികലാംഗർ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ്.

4. തെരഞ്ഞെടുപ്പ് താഴെപറയുന്ന ഉപാധികൾ അനുസരിച്ചായിരിക്കും.

   വിദ്യാഭ്യാസ യോഗ്യതാമാർക്ക് 50%
   എഴുത്തു പരീക്ഷ 50%

5. ഡിപ്ലോമ അപേക്ഷകർ അപ്രന്റിസ് ട്രെയിനിംഗ് ബോർഡിന്റെ (**www.mhrdnats.gov.in**) വെബ്സൈറ്റിൽ "***student***" വിഭാഗത്തിൽ പേര് രജിസ്റ്റർ ചെയ്തവരായിരിക്കണം.

6. ഐ.ടി.ഐ / ഐ.ടി.സി അപേക്ഷകർ റീജിയണൽ ഡയറക്ടറേറ്റ് ഓഫ് അപ്രന്റിസ് ട്രെയിനിംഗിന്റെ (www.ncvtmis.gov.in / www.apprenticeship.gov.in) വെബ്സൈറ്റിൽ "***Apprenticeship Registration***" വിഭാഗത്തിൽ പേര് രജിസ്റ്റർ ചെയ്തവരായിരിക്കണം.

നാഷണൽ അപ്രന്റിസ് ടെയിനിംഗ് രജിസ്ട്രേഷൻ നമ്പർ ഉള്ളവരെ മാത്രമേ പ്രവേശനപരീക്ഷ എഴുതാൻ അനുവദിക്കുകയുള്ളു.

7. ഒരു മണിക്കൂർ ദൈർഘ്യമുള്ള ഒബ്ജക്ടീവ് ടൈപ്പ് എഴുത്തു പരീക്ഷ ഉദ്യോഗമണ്ഡലിലുള്ള ഫാക്ട് ട്രെയിനിംഗ് സെന്ററിലാണ് നടത്തുക.

8. മാർക്കിനു പകരം ഗ്രേഡ്(സി.ജി.പി.എ)ലഭിച്ചിട്ടുള്ള ഡിപ്ലോമ അപേക്ഷകർ, ഗ്രേഡിനെ ശതമാനമാക്കി മാറ്റുന്നതിന് അതാതു സർവ്വകലാശാലകൾ /ബോർഡുകൾ നൽകുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണം. സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവർക്ക് യു.പി.എസ്.സി യുടെ സി.ജി.പി.എ കൺവേർഷൻ ഫോർമുല ബാധകമായിരിക്കും.

9. ഫാക്ട് ജീവനക്കാരുടെ ആശ്രിതർ, എഴുത്തു പരീക്ഷയ്ക്ക് വരുമ്പോൾ എച്ച്.ആർ.ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകുന്ന ആശ്രിത സർട്ടിഫിക്കറ്റ് കൊണ്ടു വരണം.

10. ഇതേക്കുറിച്ചുള്ള വിശദവിവരങ്ങൾ (www.fact.co.in) എന്ന വെബ്സൈറ്റിൽ ലഭിക്കും

11. ഫാക്ട് വേറൊരു വെബ്സൈറ്റിനേയും ഈ പരസ്യം പ്രസിദ്ധപ്പെടുത്താൻ അധികാരപ്പെടുത്തിയിട്ടില്ല. മറ്റ് വെബ്സൈറ്റുകളിൽ വരുന്ന തെറ്റായ വിവരങ്ങൾക്ക് ഫാക്ട് ഉത്തരവാദിയല്ല.

12. ഈ അറിയിപ്പിൽ എന്തെങ്കിലും മാറ്റങ്ങളുണ്ടായാൽ ആ വിവരം ഫാക്ട് വെബ്സൈറ്റിൽ മാത്രമേ പ്രസിദ്ധീകരിക്കുകയുള്ളൂ. പത്രങ്ങളിലൂടെയുള്ള അറിയിപ്പ് ഉണ്ടാകുന്നതല്ല.

ഡെപ്യൂട്ടി ജെനറൽ മാനേജർ (ട്രെയിനിംഗ് & ഡെവലപ്മെന്റ്)